**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.പി.കെ.ആനന്ദന്റെ 27.01.2010 മുതൽ 27.03.2012 വരെയും 06.03.2014 മുതൽ 09.10.2014 വരെയും 09.02.2015 മുതൽ 05.11.2015 വരെയുമുള്ള അനധികൃത ഹാജരില്ലായ്മ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(സാധാ)നം.283/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 10/02/2019.**

---

പരാമർശം: 1. ശ്രീ.പി.കെ.ആനന്ദൻ സമർപ്പിച്ച 18.04.2017 തീയതിയിലെ ശൂന്യവേതനാവധിയപേക്ഷകൾ
2. പഞ്ചായത്ത് ഡയറക്ടറുടെ 24.03.2018 ലെ ഇ 10-14430/16 നമ്പർ കത്ത്
3. പഞ്ചായത്ത് ഡയറക്ടറുടെ 29.12.2018 ലെ ഇ-10-31679/17 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.പി.കെ.ആനന്ദൻ വ്യക്തിപരമായ കാരണങ്ങളാൽ അവണൂർ ഗ്രാമപഞ്ചായത്തിൽ ജോലിക്ക് ഹാജരാകാതിരുന്ന 27.01.2010 മുതൽ 27.03.2012 വരെയുള്ള 791 ദിവസത്തെയും ചാഴൂർ ഗ്രാമപഞ്ചായത്തിൽ ജോലിക്ക് ഹാജരാകാതിരുന്ന 06.03.2014 മുതൽ 09.10.2014 വരെയുള്ള 218 ദിവസത്തേയും 09.02.2015 മുതൽ 05.11.2015 വരെയുള്ള 270 ദിവസത്തെയും അനധികൃത ഹാജരില്ലായ്മ ശൂന്യവേതനാവധിയായി ക്രമവൽക്കരിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷകൾ സമർപ്പിക്കുകയും പ്രസ്തുത അപേക്ഷകളും അനുബന്ധങ്ങളും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ശ്രീ.പി.കെ.ആനന്ദന്റെ അനധികൃത ഹാജരില്ലായ്മക്ക് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതും ടിയാന്റെ വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ് ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തു. ശ്രീ.പി.കെ.ആനന്ദന് 27/1/2010 മുതൽ 26.04.2010 വരെ പഞ്ചായത്ത് സെക്രട്ടറി അനുവദിച്ച് നല്കിയ ശൂന്യവേതനാവധി റദ്ദ് ചെയ്ത് സർവീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. അനധികൃത ഹാജരില്ലായ്മകൾക്ക് ശ്രീ. പി. കെ. ആനന്ദനെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുള്ളതിനാൽ, ടിയാന്റെ 27/1/2010 മുതൽ 27.03.2012 വരെയും, 06.03.2014 മുതൽ 09.10.2014 വരെയും, 09.02.2015 മുതൽ 05.11.2015 വരെയുമുള്ള അനധികൃത ഹാജരില്ലായ്മ കാലയളവുകൾ ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ. ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീ. പി. കെ. ആനന്ദൻ, ഓഫീസ് അറ്റൻഡന്റ്, തെക്കുംകര ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യവകുപ്പ് ( 19.07.2018 ലെ DEV-1/155/2018-FIN നമ്പർ പ്രകാരം)

വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)

ഡയറക്ടർ, ഐ.കെ.എം. (തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഓഫീസ് പകർപ്പ് (ഇപിഎ 2/73/2018/തസ്വഭവ)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Denya MS

സെക്ഷൻ ഓഫീസർ